ഭരണ ഭാഷ-മാതൃഭാഷ

WEC1-6327/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 24/01/2022
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

## സർക്കുലർ

വിഷയം:-വനിതാ ശിശു വികസന വകുപ്പ്- വനിതാ രത്ന പുരസ്കാരം 2021 - അപേക്ഷ ക്ഷണിച്ച് ശുപാർശ സഹിതം അയക്കുന്നത് -സംബന്ധിച്ച്

സൂചന:- 1. സ ഉ (സാധാ) നം.20/2020/SJD തിയതി, 10/01/2020
2. സ ഉ (സാധാ) നം.30/2022/WCDD തിയതി, 12/01/2022
3. ഈ കാര്യാലയത്തിലെ 24/01/2022 ലെ വിജ്ഞാപനം

വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വനിതകളെ ആദരിക്കുന്നതിനായി വനിതാരത്ന പുരസ്കാരം 2021 നുള്ള അപേക്ഷ ക്ഷണിക്കുന്നതിനായി അപേക്ഷ സംബന്ധിച്ച വാർത്താക്കുറിപ്പും വിശദവിവരങ്ങളും ഇതോടൊന്നിച്ച് അയക്കുന്നു. ടി വിവരം വകുപ്പിന്റെ ബ്ലോക്ക്തല കാര്യാലയങ്ങളിൽ അറിയിക്കേണ്ടതും പ്രാദേശിക വാർത്താ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തേണ്ടതുമാണ്. അപേക്ഷ സ്വീകരിക്കേണ്ട അവസാന തിയതി 2022 ഫെബ്രുവരി 15 ആണ്. 2022 ഫെബ്രുവരി 15 നകം ലഭിക്കുന്ന അപേക്ഷകൾ വ്യക്തമായി പരിശോധിച്ച് അപേക്ഷകളിൻമേൽ വ്യക്തവും വസ്തുനിഷ്ഠവുമായ അന്വേഷണം നടത്തി സ്കീമിലെ മാനദണ്ഡപ്രകാരം അവാർഡിനായുള്ള അപേക്ഷകളിൽ തീരുമാനം എടുക്കുന്നതിന് ജില്ലാകളക്ടർ അദ്ധ്യക്ഷനായുള്ള ജില്ലാതല സെലക്ഷൻ കമ്മിറ്റി 2022 ഫെബ്രുവരി 20 നകം കൂടി കമ്മിറ്റി ശുപാർശ ചെയ്യുന്ന യോഗ്യമായ അപേക്ഷകൾ മാത്രം, ശുപാർശയും, റിപ്പോർട്ടും സഹിതം 2022 ഫെബ്രുവരി 22 ന് മുമ്പ് ഈ കാര്യാലയത്തിൽ ലഭിക്കത്തക്കവിധത്തിൽ അയച്ചുതരേണ്ടതാണ്. സമയപരിധിയും മാദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. സമയപരിധി കഴിഞ്ഞ് ലഭ്യമാകുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. സമയബന്ധിതമായി ജില്ലാതല സെലക്ഷൻ കമ്മിറ്റി കൂടുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്.

**ജില്ലാതല സെലക്ഷൻ കമ്മിറ്റി**

1. ജില്ലാ കളക്ടർ – ചെയർമാൻ
2. ജില്ലാ പോലീസ് മേധാവി – മെമ്പർ
3. ജില്ലാ മെഡിക്കൽ ഓഫീസർ – മെമ്പർ
4. പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ – മെമ്പർ
5. ജില്ലാ ഇൻഫർമേഷൻ ഓഫീസർ – മെമ്പർ
6. ജില്ലാ കളക്ടർ നോമിനേറ്റ് ചെയ്യുന്ന രണ്ട് സന്നദ്ധ സംഘനാ പ്രതിനിധികൾ – മെമ്പർ (2)
7. ജില്ലാ വനിതാ ശിശു വികസന ഓഫീസർ – കൺവീനർ

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി

പകർപ്പ്:

1. എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
2. പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. വെബ് സൈറ്റ്
5. കരുതൽ ഫയൽ

ഭരണ ഭാഷ-മാതൃഭാഷ

WEC1-6327/2020

വനിതാ ശിശു വികസന ഡയറക്ടറേറ്റ്
പൂജപ്പുര, തിരുവനന്തപുരം
തീയതി: 24/01/2022
ഇമെയിൽ:directorate.wcd@kerala.gov.in
ഫോൺ നം. 0471-2346534

വിഷയം:-വനിതാ ശിശു വികസന വകുപ്പ്- മികച്ച വനിതാ പ്രവർത്തകർക്കുള്ള വനിതാ രത്ന പുരസ്കാരം 2021 - അപേക്ഷ/നോമിനേഷൻ ക്ഷണിക്കുന്നു

സൂചന:- 1. സ ഉ (സാധാ) നം.30/2022/WCDD തിയതി, 12/01/2022

## വിജ്ഞാപനം

വിവിധ മേഖലകളിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച വനിതകളെ ആദരിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ വനിതാരത്ന പുരസ്കാരം നൽകിവരുന്നുണ്ട്. 2021 ലെ വനിതാരത്ന പുരസ്കാരം ചുവടെചേർത്തിട്ടുള്ള വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വനിതകൾക്ക് നൽകുന്നതിന് ഉൾകൊള്ളിച്ചിട്ടുള്ള നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ ക്ഷണിക്കുന്നു.

1. സാമൂഹ്യ സേവനം
2. കായികരംഗം
3. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത
4. സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം
5. വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും വ്യക്തിമുദ്ര പതിപ്പിച്ച വനിത.

2021 വർഷത്തെ പുരസ്കാരം മേൽ പരാമർശിച്ചിട്ടുള്ള 5 മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വനിതകൾക്കാണ് നൽകുന്നത്. ഓരോ പുരസ്കാര ജേതാവിനും 1 ലക്ഷം രൂപ വീതവും ശില്പവും പ്രശസ്തി പത്രവും നൽകുന്നു. ടി മേഖലയിൽ പ്രവർത്തിക്കുന്ന വനിതകളിൽ, അവാർഡിനായി

അപേക്ഷിക്കുവാൻ താൽപ്പര്യമുള്ള വനിതകൾ അതത് ജില്ലാ വനിതാ ശിശു വികസന ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷയോടൊപ്പം പ്രവർത്തന മേഖല വിശദീകരിക്കുന്ന രേഖകൾ (പുസ്തകം, സി ഡി കൾ, ഫോട്ടോകൾ, പത്രക്കുറിപ്പ്) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.

വ്യക്തികൾക്കും സംഘടനകൾക്കും മേൽ സൂചിപ്പിച്ച മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്ന വനിതകളെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതുമാണ്. അപേക്ഷകളും നോമിനേഷനുകളും അതത് ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ട അസാന തിയതി 15/02/2022 ആണ്. അർഹമായ അപേക്ഷകൾ ലഭിക്കാത്ത പക്ഷം ഉചിതമായ വ്യക്തികളെ ജില്ലാതല സെലക്ഷൻ കമ്മിറ്റിക്ക് തീരുമാനിക്കുന്നതാണ്. അവാർഡിന് അപേക്ഷിക്കുന്നവർ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1. അപേക്ഷക ജീവിച്ചിരിക്കുന്ന ആളാകണം
2. കഴിഞ്ഞ 5 വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചവരായിരിക്കണം
3. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അതിജീവിച്ച് നേട്ടങ്ങളാർജ്ജിച്ച വനിതകൾക്ക് മുൻഗണന ഉണ്ടായിരിക്കും
4. അവസാന തിയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ അവാർഡിന് പരിഗണിക്കുന്നതല്ല.

വിശ്വസ്തതയോടെ

(ഒപ്പ്)

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി

ഉള്ളടക്കം : നിർദ്ദിഷ്ടമാതൃക

"വനിതാ രത്നം" പുരസ്കാരത്തിന് അപേക്ഷിക്കുന്ന വനിതകൾക്കുള്ള

അപേക്ഷ ഫോം

പാസ്പോർട്ട് സൈസ് ഫോട്ടോ

| | | |
|---|---|---|
| 1. | പേര് (ഇംഗ്ലീഷിലും മലയാളത്തിലും രേഖപ്പെടുത്തണം) | : |
| 2. | ജനന തീയതി | : |
| 3. | ജനന സ്ഥലം | : |
| 4. | വിദ്യാഭ്യാസ യോഗ്യത | : |
| 5. | ഫോൺ നം. (മൊബൈൽ നമ്പർ) | : |
| 6. | സ്ഥിര മേൽവിലാസം | : |
| 7. | പ്രവർത്തന മേഖല | : |
| 8. | വ്യക്തിയുടെ ജീവചരിത്രം (വിശദവിവരങ്ങൾ ഉള്ളടക്കം ചെയ്യേണ്ടതാണ്) ഫോട്ടോ, CD, പുസ്തകം, പത്രറിപ്പോർട്ട്, എന്നിവ അഭികാമ്യം) | : |
| 9. | പുരസ്കാരാർഹമായ സേവനങ്ങൾ | : |
| 10 | വികലാംഗയാണോ?<br>a. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യണം | |
| 11. | മറ്റ് അവാർഡ് ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം | : |
| 12 | ബാങ്ക് അക്കൗണ്ട് നം. IFS Code, Branch | |

**സത്യവാങ്മൂലം**

മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

അപേക്ഷകയുടെ ഒപ്പ് /
നാമനിർദ്ദേശം നൽകുന്ന
വ്യക്തിയുടെ പേരും ഒപ്പും

തീയതി:
സ്ഥലം: